

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.-ഇ3/616/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 26/09/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ

നമ്പർ: കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.-ഇ3/616/2023 തീയ്യതി: 26/09/2023

വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2023 മുതൽ 13-06-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.വസന്ത.പി.എസ്	സീനിയർ ഡെപ്യൂട്ടി ഡയറക്ടർ	01-06-2023	30-06-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
14-06-2023	24-06-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഷൈജു മാത്യു ഓഡിറ്റ് ഓഫീസർ
ശ്രീ.സമീർ.എം, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.അനിൽ ജോസ് ഡൊമിനിക്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജസ്റ്റിൻ ബേബി	പ്രസിഡന്റ്	01-04-2022	31-03-2023
ശ്രീ.ജയൻ.എം.കെ	സെക്രട്ടറി	01-04-2022	31-03-2023

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
അനീഷ് ജോസഫ്	എസ്.സി.ഡി.ഒ	01-04-2022	31-03-2023
ഇസ്മയിൽ സി	ടി.ഡി.ഒ	01-04-2022	31-03-2023
ഡോ.ഉമേഷ് പി.കെ	മെഡിക്കൽ ഓഫീസർ,പൊരുന്നന്നൂർ	01-04-2022	31-03-2023
ഡോ.സേവൻ സാറാ മാത്യു	മെഡിക്കൽ ഓഫീസർ,നല്ലൂർനാട്	01-04-2022	21-11-2022
ഡോ.ആൻസി	മെഡിക്കൽ ഓഫീസർ,നല്ലൂർനാട്	22-11-2022	31-03-2023
ഡോ.നീതു	മെഡിക്കൽ ഓഫീസർ,പെരിയ	01-04-2022	04-06-2022
ഡോ.സയീദ്	മെഡിക്കൽ ഓഫീസർ,പെരിയ	05-06-2022	31-03-2023
ഡോ.ദയാൽ എസ്	സീനിയർ വെറ്ററിനറി സർജൻ	01-04-2022	08-08-2022
ഡോ.ജവഹർ. കെ	സീനിയർ വെറ്ററിനറി സർജൻ	09-08-2022	31-03-2023
ബീന. സി	ഐ.സി.ഡി.എസ് സൂപ്പർവൈസർ,മാനന്തവാടി	01-04-2022	31-03-2023
ലിജി വർഗ്ഗീസ്	അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി	01-04-2022	30-07-2022

അഞ്ജന ബേബി	അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി	01-08-2022	31-03-2023
അർച്ചന	ഇൻഡസ്ട്രിയൽ എക്സ്റ്റെൻഷൻ ഓഫീസർ	01-04-2022	31-03-2023
രാമുണ്ണി	അഗ്രികൾച്ചർ ഡെവലപ്മെന്റ് ഓഫീസർ	01-04-2022	14-10-2022
ഡോ.അനിൽകുമാർ വി	അഗ്രികൾച്ചർ ഡെവലപ്മെന്റ് ഓഫീസർ	15-10-2022	31-03-2023
ശ്രീലേഖ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2022	31-03-2023
ദൊരൈസ്വാമി	അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2022	31-03-2023

..

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കേറ്റ്	1-1
3	മുന്നിരിപ്പ് തുകകൾ രേഖപ്പെടുത്തിയതിൽ വ്യത്യാസം.	1-1-2
4	ബാധ്യതാ തുകകളുടെ മുന്നിരിപ്പ് രേഖപ്പെടുത്തിയതിൽ വ്യത്യാസം.	1-1-3
5	.ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.	1-1-4
6	ചെക്ക്/ഡി.ഡി ലഭിക്കുമ്പോൾ രസീത് നൽകുന്നില്ല.	1-1-5
7	ബാങ്ക് റിക്കൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടില്ല.	1-1-6
8	ഗ്രാന്റ് തുകകള് പൊരുത്തപ്പെടുന്നില്ല.	1-1-7
9	സൃഷ്ടിക്കപ്പെട്ട ആസ്തികൾ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റുന്നില്ല.	1-1-8
10	ഇ ടെൻഡർ തുകകൾ ലഭ്യമാക്കിയിട്ടില്ല.	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തീക വിശകലനം	1-3
13	ഫണ്ട് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	ക്യാഷ് ബാലൻസ് പരിശോധന	1-6
16	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ	1-7
17	ആഭ്യന്തിര നിയന്ത്രണം.	1-8

18	വനിത വിപണന കേന്ദ്രം-വാടകയ്ക്ക് നൽകിയതിലെ അപാകതകൾ	1-9
19	വനിതാ തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം-പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.	1-10
20	പഠന മുറി നിർമാണത്തൊടൊപ്പം ഫർണിച്ചറുകളും അനുബന്ധ സാമഗ്രികളും വാങ്ങി നൽകിയതിനാൽ അധിക ചെലവുണ്ടായി.	1-11-1
21	എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം പ്രൊജക്ട്-മുഴുവൻ വിദ്യാർത്ഥികളുടെയും പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.	1-11
22	കനിവ് സഞ്ചരിക്കുന്ന ആതുരാലയം-രേഖകൾ ഹാജരാക്കിയില്ല; 4706495 രൂപ തടസ്സപ്പെടുത്തുന്നു.	1-12
23	മരുന്നു വാങ്ങലിനായി ചെലവഴിച്ച മുഴുവൻ തുകയ്ക്കുമുള്ള മരുന്നുകൾ ഡയാലിസിസ് സെന്ററിന് ലഭ്യമായിട്ടില്ല;528319 രൂപ തടസ്സപ്പെടുത്തുന്നു	1-13
24	കുഴൽ കിണർ നിർമ്മാണം - സ്നേഹതീരം വനിതകൾക്കായി താമസ സൗകര്യം ഒരുക്കൽ വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കിയിട്ടില്ല	1-14
25	നൈപുണ്യ വികസനം - അധിക പരിശീലനം നൽകിയത്	1-15
26	സി.എച്ച്.സി നല്ലൂർനാട് അറ്റകുറ്റപ്പണികൾ : പ്രവർത്തിയിലെ അപാകങ്ങൾ.	1-16

ഭാഗം 2

--- No Records Found ---

ഭാഗം 3

1	സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പഠനമുറി നിർമാണത്തിന് ധന സഹായം നൽകിയതിനാൽ ബ്ലോക്ക് പഞ്ചായത്തിന് 14192 രൂപയുടെ അധികചെലവുണ്ടായി	3-1

ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

ഉദാ-റേഷ്യോസ്.

1-1 ഓഡിറ്റ് സർട്ടിഫിക്കേറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ് ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10.5.2023ലെ 4/2023-24 കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി (കമ്മിറ്റി തീരുമാനത്തിന്റെ നമ്പരും തീയതിയും) 12.05.2023 തീയതിയിര പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2023(വർഷം) അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിന അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫി ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാ സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങ

ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളു ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയു അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവു മികച്ച് വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രാകരം സാക്ഷ്യപ്പെടുത്തുന്നു.

B. വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കൽപ്പറ്റ

തീയതി:26.09.2023 **സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്**

1-1-2 മുന്നിരിപ്പ് തുകകൾ രേഖപ്പെടുത്തിയതിൽ വ്യത്യാസം.

കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികൾ തൻവർഷത്തെ മുന്നിരിപ്പായ് രേഖപ്പെടുത്തിയതിൽ വ്യത്യാസം കാണുന്നു.അതായത് ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-1-3 ബാധ്യതാ തുകകളുടെ മുന്നിരിപ്പ് രേഖപ്പെടുത്തിയതിൽ വ്യത്യാസം.

കഴിഞ്ഞ വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ബാധ്യത തുകകൾ തൻവർഷത്തെ മുന്നിരിപ്പായി രേഖപ്പെടുത്തിയതിൽ വ്യത്യാസം.

1-1-4 .ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

കൃാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ കൃാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വൃത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

1-1-5 ചെക്ക്/ഡി.ഡി ലഭിക്കുമ്പോൾ രസീത് നൽകുന്നില്ല.

ചെക്ക്/ഡി.ഡി ലഭിക്കുമ്പോൾ രസീത് നൽകുന്നില്ല.

1-1-6 ബാങ്ക് റിക്കൺസിലിയേഷൻ പത്രികകൾ തയ്യാറാക്കിയിട്ടില്ല.

പ്രതിമാസ ബാങ്ക് റീകൺസീലിയേഷൻ പത്രിക സൂക്ഷമതയോടെ തയ്യാറാക്കിയിട്ടില്ല.ഉദാഹരണമായി ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റമെന്റ് കൃത്യതയോടെ തയ്യാറാക്കുന്നില്ല.താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

ബാങ്കിന്റെ പേര്	വാർഷിക കണക്കുൾ പ്രകാമുള്ള അക്കൗണ്ട് നമ്പർ	RP 40b പ്രകാരം നീക്കിയിരിപ്പ് തുക
സിൻഡിക്കേറ്റ് ബാങ്ക്	42162200104008	590
ട്രഷറി ഓൺ ഫണ്ട്	ട്രഷറി ഓൺ ഫണ്ട് ബി.പി.എഫ്.എ1-2	- 118, 898

ആർ.പി 40ബി ഷെഡ്യൂൾ പ്രകാരം ട്രഷറി ഓൺ ഫണ്ട് ബി.പി.എഫ്.എ1-2 നീക്കിയിരിപ്പ് - 118,89 രൂപയാണ്. നെഗറ്റീവ് ബാലൻസ് ഉണ്ടായത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

1-1-7 ഗ്രാന്റ് തുകകള് പൊരുത്തപ്പെട്ടുന്നില്ല.

സി.എഫ്.സി ഗ്രാന്റ് , വാർഷിക കണക്കുകളിലെ തുകയും എ.സി.ആർ പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-8 സൃഷ്ടിക്കപ്പെട്ട ആസ്തികൾ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിലേക്ക് മാറ്റുന്നില്ല.

സ്ഥാപനത്തിന് മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഗ്രാന്റ് ആയി നൽകിയ തുക ഉപയോഗിച്ച് ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക Capital Contribution ശീർഷകത്തിലേക്ക് മാറ്റിയില്ല.

1-1-9 ഇ ടെൻഡർ തുകകൾ ലഭ്യമാക്കിയിട്ടില്ല.

ഇ-ടെണ്ടർ മുഖേനയുള്ള ടെണ്ടർ ഫോറം വിലയും ഇ.എം.ഡിയും ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. തൻവർഷം ഇ-ടെണ്ടർ മുഖേന ലഭിച്ചിട്ടുള്ള തുക സംബന്ധിച്ച കൃത്യമായ കണക്കുകൾ ഹാജരാക്കിയിട്ടില്ല. ടെണ്ടർ ഫോറം വിൽപന വഴി ലഭിച്ചതായി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 3200 രൂപ മാത്രമാണ്. ഇത് യാഥാർത്ഥവുമായി പൊരുത്തപ്പെടുന്നതല്ല. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ തൻവർഷം മാത്രം എക്സിക്യൂട്ടീവ് എഞ്ചീനീയറിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ലഭിക്കേണ്ടതായ തുക ഇ-ടെണ്ടർ ഫോറം വില എത്രയെന്ന് കണക്കാക്കുകയോ തുകയുടെ കൃത്യമായ വിവരം സെക്രട്ടറിയെ അറിയിച്ച് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല ഇത്തരത്തിൽ ലഭിക്കേണ്ട തുക വാർഷിക കണ മുൻവർഷങ്ങളിലും ഈ ഇനത്തിൽ ലഭിക്കാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

1-2 ബജറ്റ്

18.3.2022 തീയതിയിലെ തീരുമാനം 115 പ്രകാരം താഴെ പറയുന്ന രീതിയിൽ ബഡ്ജറ്റ് അംഗീകരിച്ചു.

മുന്നിരിപ്പ്	3096861
വരവ്	1057017506

ആകെ	1060114367
ചെലവ്	1056558506
നീക്കിയിരിപ്പ്	3555861

(ബജറ്റ് റിവൈസ് ചെയ്തിട്ടില്ല)
പഞ്ചായത്ത് ഭരണസമിതി അംഗീകരിക്കുന്നതിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് അംഗീകരിക്കുന്നു എന്ന നടപടിക്രമം ഒഴിച്ച് സർക്കാർ ഉത്തരവ് (ആർ.ടി)നം.3291/2016/എൽ.എസ്.ജി.ഡി. തീ. 02.12.2016 ലെ നിർദ്ദേശങ്ങൾ ബജറ്റ് പാസാക്കുന്നതിൽ പാലിച്ചിട്ടില്ല. മുകളിൽ സൂചിപ്പിച്ച ഉത്തരവ് ഖണ്ഡിക 2.2 ൽ നിർദ്ദേശിച്ചിരിക്കുന്ന പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും കൈമാറി കിട്ടിയ വിവിധ സ്ഥാപനങ്ങളുടെയും ഗ്രാമപഞ്ചായത്ത് ഓഫീസിന്റെയും പ്രതീക്ഷിക്കുന്ന പദ്ധതിയേതര ചെലവുകളുടെ വിവരം ലഭ്യമാക്കിയതിന് ശേഷമല്ല ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. സൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കേണ്ടതാണ്.

1-3 സാമ്പത്തീക വിശകലനം

മുന്നിരിപ്പ്	56057336
വരവ്	148245663
ആകെ	204302999
ചെലവ്	153862948
നീക്കിയിരിപ്പ്	50440051

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി/ ലാപ്സ
വികസന ഫണ്ട്- ജനറൽ (ACR പ്രകാരം)		41856000	41856000	40073456	1782544

വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം)		3721834	3721834	3319355	402479
വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം)		30316500	30316500	29251651	1064849
സി.എഫ്.സി ബേസിക്ക് ഗ്രാന്റ്(ACR പ്രകാരം)		7714661	7714661	3757487	3957174
മെയിന്റനൻസ് ഗ്രാന്റ് -നോൺ റോഡ്(എ.സി.ആർ പ്രകാരം)		13520000	13520000	10156975	3363025
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) (ACR പ്രകാരം)		12417937	12417937	6749049	5668888

സി.എഫ്.സി. ഗ്രാന്റ് (ബേസിക്) വരവ് തുക എസി. ആറിൽ 7714661 ആയിരിക്കെ RP 31 ൽ ₹787183 രൂപയാണ്. ടൈഡ് ഇനത്തിൽ എ.സി.ആർ പ്രകാരം ₹12417957 വരവ് കാണിച്ചിരിക്കെ RP 31 പ്രകാരം 11388000 ആണ് വരവ് തുക. (വ്യത്യാസം യഥാക്രമം ₹157177, ₹1029957)

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	ചെലവഴിച്ച തുക.	ഭാഗീകമായി നടപ്പിലാക്കിയത്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
113	237069343	69	114679546	10	34	61.06

നിർവ്വഹണോദ്യോഗസ്ഥൻ	പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	അടങ്കൽ തുക	ചെലവഴിച്ച തുക	ചെലവ് %
സി.ഡി.പി.ഒ.	2	2	2280340	2222142	97.45

സെക്രട്ടറി ,ബ്ലോക്ക് പഞ്ചായത്ത്	30	20	148953229	59358198	39.85
മെഡിക്കൽ ഓഫീസർ,കമ്മ്യൂണിഹെൽത്ത് സെന്ററർ.	8	7	11547000	9390733	81.36
പട്ടികജാതി വികസന ഓഫീസർ	1	1	1200000	1181992	98.5
ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ	1	1	4000000	3999771	99.99
അസി.ഡയറക്ടർ,കൃഷി	1	1	2250000	2247403	99.88
സീനിയർ വെറ്ററിനറി സർജൻ	3	3	11751120	11419927	97.18
അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ	2	2	1177136	865882	73.55
അസി.എഞ്ചിനീയർ ,	75	49	53910518	23993498	44.51

1-6 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.6.2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായ് പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു .

1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരങ്ങൾ

അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി	ഓഡിറ്റ് സമയം	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി

പെർഫോർമെൻസ് ഓഡിറ്റ്	22.10.2018 – 26.10.2018	2015-16 മുതൽ 18-19 വരെ	16/08/2019
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	11.03.2019-25.03.2019	01.01.2016 മുതൽ 31.12.2018	06/05/2019

1-8 ആഭ്യന്തിര നിയന്ത്രണം.

ഓഫീസ് പ്രവർത്തനങ്ങൾ പൊതുവെ നല്ല രീതിയിൽ നടക്കുകയും ചെലവ് വൗച്ചറുകളും പദ്ധത പ്രവർത്തനങ്ങളുടെ ഫയലുകളും തൃപ്തികരമായ വിധത്തിൽ സൂക്ഷിക്കുകയും ഓഡിറ്റിന ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.എന്നാൽ ഓഫീസ് ഓഡറിൽ ചാർജ്ജ് കൈമാറുമ്പോളുള്ള ചുമതല കൈമാറ്റം രേഖപ്പെടുത്തുന്നതല്ലാതെ ഓരോ സെക്ഷനും സമയാ സമയങ്ങളിൽ ഏറ്റെടുക്കുന ചുമതലകൾ രേഖപ്പെടുത്തി നൽകുന്നതായി കാണുന്നില്ല.സ്റ്റാഫ് മീറ്റിംഗ് പ്രതിമാസം കൂടുന്നതായ രേഖപ്പെടുത്തലില്ല.സ്റ്റാഫ് മീറ്റിംഗിന്റെ മിനുട്സും സൂക്ഷിച്ചിട്ടില്ല.വരവ് സംബന്ധമായ രജിസ്റ്ററുകളുടെ പരിപാലനം കുറേക്കൂടി കുറ്റമറ്റതാവേണ്ടതുണ്ട്.പദ്ധതി പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് വേണ വിധത്തിൽ നടക്കുന്നതായി വർക്കിംഗ് ഗ്രൂപ്പ് മിനുട്സിര രേഖപ്പെടുത്തിക്കാണുന്നില്ല.നിർവ്വഹണോദ്യാഗസ്ഥരുടെ ഫയലുകളും രേഖകളും കൃത്യമായ സൂക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നനില്ല.ഉദാരഹരണമായി നല്ലൂർനാട് മെഡിക്കൽ ഓഫീസറ ഓഡിറ്റിന് പര്യപ്തമായ രീതിയിൽ ഫയലുകളും ക്യാഷ് ബുക്കും സൂക്ഷിക്കുന്നില്ല.ഇത്തരം അപാകങ്ങ പരിഹരിക്കുന്നതിന് അടിയന്തിര നടപടികള് സ്വീകരിക്കേണ്ടതാണ്.

1-9 വനിത വിപണന കേന്ദ്രം-വാടകയ്ക്ക് നൽകിയതിലെ അപാകതകൾ

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന വനിത ഗ്രൂപ്പുകൾക്ക് വിപണന കേന്ദ്രം നടത്തുന്നതിനായി 10 മുറികൾ വരുന്ന കെട്ടിടം നിർമിച്ച് മേൽ കെട്ടിടത്തിലെ 9 മുറികള വാടകയ്ക്ക് നൽകി വരുന്നുണ്ട്. മേൽ കെട്ടിടത്തിൽ നിന്നുള്ള വാടക പിരിവ് സംബന്ധിച്ച് ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

1)വാടക രജിസ്റ്റർ ഓഡിറ്റിന് പര്യാപ്തമായ രീതിയിൽ സൂക്ഷിച്ചിട്ടില്ല.2019-20 സാമ്പത്തിക വർഷം മുതര കെട്ടിടം വാടകയ്ക്ക് നൽകി വരുന്നുണ്ട്. കെട്ടിട വാടക ഈടാക്കുന്നതിനായി വാടക രജിസ്റ്റ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിവരങ്ങൾ പൂർണമായും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വാടക കുടിശ്ശിക രജിസ്റ്റർ നാളിത് വരേ തയ്യാറാക്കിയിട്ടില്ല. 2019-20, 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിൽ എത്ര മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്, മേൽ മുറികളിൽ നിന്ന് എത്ര രൂപ ഡിപ്പോസിറ്റായി സ്വീകരിച്ചു, എത്ര രൂപ വാടകയിനത്തിൽ ലഭിച്ചു, എത്ര രൂപ വാടക ലഭിക്കാനുണ്ട്. ഏതൊക്കെ മാസങ്ങളിലാണ് കെട്ടിട ഒഴിഞ്ഞ് കിടന്നത് എന്നീ വിവരങ്ങൾ കൃത്യമായി വാടക രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിന്റെ അഭാവത്തിൽ മനസ്സിലാക്കാൻ സാധിച്ചിട്ടില്ല.

2) 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 786000 രൂപ വാടകയിനത്തിൽ 2022-23 സാമ്പത്തിക വർഷത്തിൽ ലഭിച്ചുവെന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത് തൻ വർഷം എത്ര രൂപ വാടകയിനത്തിൽ ലഭിച്ചുവെന്നോ, വാടക കുടിശ്ശിക എത്ര രൂപ ലഭിച്ചുവെന്നോ രേഖപ്പെടുത്തിയിട്ടില്ല. വാടക ഡിമന്റ് രജിസ്റ്ററിൽ വിവിധ കടയുടമകളുടെ വാടക വിവരങ്ങൾ രേഖപ്പെടുത്തിയതും ക്രമപ്രകാരമല്ല. ഉദ്ദാഹരണമായി 2023 സെപ്റ്റംബർ, 2023 ഒക്ടോബർ മാസങ്ങളിലെ റൂം നമ്പർ 1 മുതൽ 4 വരേ യഥാക്രമം കൈവശം വെച്ചിരിക്കുന്ന കാരുണ്യ കുടുംബശ്രീ, കൊമ്പന കുടുംബശ്രി (2,3നമ്പർ മുറികൾ കൈവശം വെച്ചിരിക്കുന്നു), ദേവിക കുടുംബശ്രീ എന്നിവരുടെ വാടക വാങ്ങാതെ തന്നെ 2023 നവംമ്പർ മാസത്തെ മേൽ കുടുബശ്രീകളിൽ നിന്നുള്ള വാടക വാങ്ങിയിട്ടുണ്ട്.മേൽ മാസങ്ങളിലെ വാടക ഓഡിറ്റ് സമയത്തും ഈടാക്കിയതായി കാണുന്നില്ല ഇപ്രകാരം കൃത്യതയില്ലാതെയാണ് വാടക രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

3) റൂം നമ്പർ 5,7,8 എന്നിവ സാമ്പത്തിക വർഷം മുഴുവൻ ഒഴിഞ്ഞ് കിടക്കുന്ന സ്ഥിതിയിലാണ്. മേര കെട്ടിട മുറികൾ പുനർ ലേലം നടത്തി വാടക വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

4) 2022-23 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം താഴെ പറയുന്ന വിധത്തിലാണ വാടകയിനത്തിലുള്ള വരവുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ളത്.

ഡിമാന്റ് -I -3 (130100101-Rent From Building)	13,80,000

കളക്ഷൻ - RP – 43 തൻവർഷം (431400101-Rent Receivables From Building (Current))	446500
ബാലൻസ് B-15 തൻ വർഷം	813128

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവ് ചെലവുകൾ യോജിക്കുന്നില്ല (1380000-446500=93350 എന്നതിന് പകരം 813128 രൂപയാണ് തൻ വർഷം നികുതി കുടിശ്ശികയായി കാണിച്ചിട്ടുള്ളത്).വാർഷിക ധനകാര്യപത്രികയിൽ 120372 രൂപയുടെ വ്യത്യാസം വരവ് ചെലവുകൾ തമ്മിൽ കാണുന്നു.കൂടാതെ RP-4 പ്രകാരം 431400198-Other Rent Receivables(Current) എന്ന ഹെഡിൽ 120500 രൂപ കാണുന്നു.മേൽ വരവ് ഏതിനത്തിലുള്ളതാണെന്ന് കൃത്യതയുള്ള വാടക ഡിമാന്റ് രജിസ്റ്ററിന്റെ അഭാവത്തിൽ വ്യക്തമാകുന്നില്ല മേൽ വിഷയത്തിൽ വ്യക്തത വരുത്തേണ്ടതാണ്.

അരിയർ ഡിമാന്റ് (2021-22 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം)	218800
അരിയർ കളക്ഷൻ (RP-43-431400102-Rent Recivables From Building)	203500
ബാലൻസ് (B-15 പ്രകാരം)	15300

431400199-Other Rent Recivables(Arrear) എന്ന ഹെഡിൽ 15500 രൂപ കളക്ട് ചെയ്തതായി കാണുന്നു.മേൽ വരവ് ഏതിനത്തിലുള്ളതാണെന്ന് വ്യക്തമാക്കേണ്ടതാണ്.

5)മേൽ കെട്ടിടങ്ങൾക്ക് മാനന്തവാടി മുനിസിപ്പാലിറ്റിയുടെ ഡിമാന്റ് നോട്ടീസിൽ നിന്നും താഴെ പറയു പ്രകാരമാണ് കെട്ടിട നികുതിയുള്ളതാണ്.

സി.നം	കെട്ടിട നമ്പർ	വാർഷിക നികുതി
1	1193(1)	4129
2	1193(2)	3887
3	1193(3)	3887
4	1193(4)	3887
5	1193(5)	3262
6	1193(6)	2821
7	1193(7)	2757
8	1193(8)	2757
9	1193(9)	2757
10	1193(10)	6907
ആകെ		37051

2019-20 രണ്ടാം അർദ്ധവർഷം മുതൽ (09/09/2020 തീയതി ആദ്യ ലേലം നടത്തി) മേൽ കെട്ടിടം വാടകയ്ക്ക് നൽകുന്നതിനാരംഭിച്ചിട്ടുള്ളതാണ്.വാടക കരാറിൽ രണ്ടാമത്തെ വ്യവസ്ഥയായി കടമുറിക്ക് നൽകേണ്ടതായി വരുന്ന എല്ലാ കരവും,ചാർജ്ജുകളും,നികുതികളും,ചെലവുകളും കടമുറി ലേല കൊണ്ടയാൾ നൽകുകയും തീർക്കുകയും വഹിക്കുകയും ചെയ്യേണ്ടതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട് മേൽ മുറികൾ വാടകയ്ക്ക് നൽകുന്നതിനായി അംഗീകരിച്ച കരട് ബൈലോയിലെ 18ാം നമ്പ വ്യവസ്ഥയിൽ മുറികളിൽ ഉപയോഗിക്കുന്ന ഉപകരണ വസ്തുക്കളുടെ വൈദ്യുതി ചാർജ്ജ് തുടങ്ങിയ മ ചെലവുകൾ ലേലക്കാരൻ വഹിക്കേണ്ടതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നാളിത് വരേ മേ കെട്ടിടങ്ങളുടെ വസ്തു നികുതി,വാട്ടർ ബില്ല്,കറന്റ് ബില്ല് എന്നിവ വാടകക്കാരിൽ നി ഈടാക്കിയതായി കാണുന്നില്ല.വാട്ടർ ബില്ല്,കറന്റ് ബില്ല് എന്നിവയ്ക്കായി ചെലവഴിച്ച ഇനത്തിൽ 2020-2

സാമ്പത്തിക വർഷം രണ്ടാം അർദ്ധ വർഷം മുതൽ ബ്ലോക്ക് പഞ്ചായത്തിന് ചെലവായ തുകയുടെ വിവരങ്ങളും ആയത് വാടകകാരിൽ നിന്ന് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ തുക വാടകകാരിൽ നിന്ന് ഈടാക്കിയിട്ടില്ലെങ്കിൽ ഉത്തരവാദികളെ കണ്ടെത്തി ഈടാക്കി അറിയിക്കേണ്ടതാണ്.

6)പത്ത് മുറികളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും 9 മുറികൾ മാത്രമേ വാടകയ്ക്ക് നൽകുന്നതിനായി നീക്കി വെച്ചിട്ടുള്ളു. കെട്ടിടത്തിൽ നിർമിച്ചിട്ടുള്ള മുഴുവൻ മുറികളും വാടകയ്ക്ക് നൽകാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്

7) 27/07/2022 തീയതിയിലെ ഭരണസമിതിയുടെ സാധാരണയോഗത്തിലെ 32/2022-23 നമ്പർ തീരുമാനപ്രകാരം വനിതകൾക്കുള്ള വിപണനേകന്ദ്രം വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട് വാടകക്കാരിൽ നിന്നും പിരിഞ്ഞ് കിട്ടാനുള്ള വാടക കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ സെക്രട്ടറി യോഗത്തിൽ വായിച്ചതായും 1,2,3,4 എന്നീ നമ്പർ കെട്ടിടങ്ങളിലെ വാടകക്കാർ യഥാക്രമം 128030/- രൂപ 146320/- രൂപ,, 151040/- രൂപ,, 43072/- രൂപ വീതം വാടക അടവാക്കാനുള്ളതിനാൽ നീയമ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചതായി വ്യക്തമാക്കിയിട്ടുണ്ട്.വ്യക്തമായ കണക്കുകളുടെ അഭാവത്തിൽ മുകളിൽ സൂചിപ്പിച്ചിട്ടുള്ള വാടകകുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ എപ്രകാരമാണ് ലഭ്യമായതെന്നറിയിക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ച് നൽകിയ 22.06.2023 തീയതയിലെ 9ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകിയിട്ടില്ല. മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന് വളരേ കുറഞ്ഞ തുക മാത്രമാണ് വരവുള്ളത്, അതിലെ ഏറ്റവും പ്രധാനപ്പെട്ട വാടകയിനത്തിലുള്ള വരവ് കൃത്യതയില്ലാതെ രജിസ്റ്ററുകൾ കൈകാര്യം ചെയ്യുന്നതിനാൽ പൂർണമായും ഈടാക്കാൻ സാധിക്കുന്നില്ലെന്ന് ഓഡിറ്റ് അനുമാനിക്കുന്നു. മേൽ വിഷയത്തിലേക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

1-10 വനിതാ തൊഴിൽ പരിശീലന കേന്ദ്രം നിർമ്മാണം-പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല.

പ്രൊജക്ട് നം42/23

പ്രൊജക്ടിന്റെ പേര് :വനിതകൾക്കായി തൊഴിൽ പരിശീന കേന്ദ്രം കെട്ടിടം നിർമ്മാണം കുളിർമാവ്.

ചെലവ് തുക: 1188351രൂപ

(ബിൽ നം.22180463001801107170 തി.28.1.2023പ്രകാരം 431236രൂപ)

(ബിൽ നം.22180463001801508721 തി.27.3.2023പ്രകാരം 757115രൂപ)

തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ കുളിർമാവ് എന്ന സ്ഥലത്ത് നിലവിലുള്ള പകൽവീടിന്റെ മുകൾ നിലയിലാണ് ഈ കെട്ടിടം പണിതിരിക്കുന്നത്.ഇത് സംബന്ധിച്ച താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

1)ഈ കെട്ടിട നിർമ്മിതിയ്ക്ക് തിരുനെല്ലി ഗ്രാമപഞ്ചായത്തിൽനിന്നുള്ള അനുമത ലഭ്യമാക്കിയിട്ടില്ല.

2)നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിൽ ഏതു വിധത്തിലുള്ള തൊഴിൽ പരിശീനമാണ പ്രൊജക്ടിൽ വിഭാവനം ചെയ്തത് എന്ന് പ്രോജക്ടിൽ നിന്നും വ്യക്തമല്ല.

3)കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾ നടത്തിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (6/22.6.2023)മറുപടിയായ് കെട്ടിടനിർമ്മാണത്തിന് കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ ഉടമസ്ഥരായ തിരുനെല്ലി ഗ്രാമപഞ്ചായത്തിൽനിന്നും അനുമതി വാങ്ങിയിരുന്നില്ലയെന്നും ആയത് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിക്കുകയുണ്ടായി.

വിവിധ ഹൃസ്വകാല തൊഴിൽ പരിശീലങ്ങൾ വിഭാവനം ചെയ്തിരുന്നതുകൊണ്ട് കൃത്യമായ ഒരു പരിശീലനയിനം മുൻകൂട്ടി നിശ്ചയിച്ചിട്ടില്ലായിരുന്നുവെന്നും മറുപട ലഭ്യാക്കുകയുണ്ടായി.എന്നാൽ ഹൃസ്വകാല തൊഴിൽ പരിശീനങ്ങളുടെ തരം,സ്വഭാവം,ഇനം എന്നിവയൊന്നും എവിടെയും ചർച്ച ചെയ്യപ്പെട്ടതായ് രേഖകളില്ല.വ്യക്തമായ ലക്ഷ്യങ്ങൾ വിഭാവനം ചെയ്യാതെയാണ് കെട്ടിടം പണ് പൂർത്തീകരിച്ചിരിക്കുന്നതെന്ന് ഇതിൽനിന്നും മനസ്സിലാവുന്നു.കൂടാതെ ഈ കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്കായി 2023-24വർഷത്തിലും പ്രൊജക വെച്ചിട്ടില്ലയെന്നും ആയത് നടപ്പിലാക്കുന്നതിന് വരും പദ്ധതി റിവിഷനുകളിൽ ആയത

ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ വ്യക്തമാക്കുകയുണ്ടായി.

കേവലം പദ്ധതി നടപ്പിലാക്കുക എന്നതിനപ്പുറം സമഗ്രമായ പദ്ധതി വിഭാവനമോ,കൃത്യമായ ലക്ഷ്യനിർണ്ണയമോ കൂടാതെയാണ് ഈ പ്രവർത്തി നടപ്പിലാക്കിയതെന്ന് മറുപടിയിൽനിന്നും വ്യക്തമാക്കുന്നു.വിഭാവനം ചെയ്ത ലക്ഷ്യം നേടുന്നതിന് ഉതകുന്ന വിധത്തിൽ തുടർ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കേണ്ടതാണ്.

1-11-1 പഠന മുറി നിർമാണത്തൊടൊപ്പം ഫർണിച്ചറുകളും അനുബന്ധ സാമഗ്രികളും വാങ്ങി നൽകിയതിനാൽ അധിക ചെലവുണ്ടായി.

ശ്രീമതി ശ്രുതി എ എന്നിവരുടെ പഠനമുറി നിർമാണവുമായി ബന്ധപ്പെട്ട് താഴെ പറയും പ്രകാരമാണ് ധനസഹായം അനുവദിച്ചിട്ടുള്ളത്

സി.നം	ബില്ല് റഫറൻസ് നം	യു.റ്റി.ആർ നമ്പർ	തുക
1	22180463002600803252	RBI3282255704059	50000
2	22180463002600964712	RBI3652217700034	61600
3	22180463002601146793	RBI0862372722006	65392
ആകെ			176992

പഠനമുറിയ്ക്ക് 160000 രൂപയുടെ മൂല്യനിർണയമാണ് അസി.എഞ്ചിനീയർ നൽകിയിട്ടുള്ളത്.എന്നാൽ പഠനമുറിയിൽ ഉപയോഗിക്കുന്നതിനായി അലമാര,സ്റ്റഡി ടേബിൾ,ഫാൻ,കസേര എന്നിവ വാങ്ങിയ വകയിൽ ചെലവായ 16992 രൂപ കൂടി മേൽ വ്യക്തിക്ക് അനുവദിച്ചിട്ടുണ്ട്.ഇപ്രകാരം ഫർണിച്ചറുകളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് അധികമായി തുക നൽകിയ നടപടിക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 15.06.2023 തീയതിയിലെ 2/2022-23 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.മാർഗരേഖ പ്രകാരം വൈദ്യുതീകരണത്തിനായി വയറിങ്ങ് പ്രവർത്തികൾ ചെയ്തിട്ടുണ്ടെങ്കിൽ (ലൈറ്റ്,ഫാൻ,പ്ലഗ് പോയിന്റടക്കം) പ്രത്യക വാല്യൂഷൻ കൂടാതെ 9100 രൂപ കൂടി അനുവദിക്കാവുന്നതാണ്.എന്നാൽ പരമാവധി തുക 2 ലക്ഷം രൂപയിൽ പരിമിതപ്പെടുത്തണം.മേൽ ബില്ലിൽ ഫാൻ വാങ്ങിയ തുകയായ 2800 രൂപ ഒഴികെ ബാക്കി 14192 രൂപ അനുവദിച്ചിട്ടുള്ളത് ക്രമവിരുദ്ധമാണ്.പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ.(കൈ)നം.115/2022/തസ്വഭ

തീയതി 28/05/2022) ഖണ്ഡിക 7.2.6 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയു വാങ്ങുന്നതിന് സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരം 5000 രൂ അനുവദിക്കാവുന്നതാണെങ്കിലും ഇത് പ്രത്യേക പ്രൊജക്ടായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിച നടപ്പിലാക്കേണ്ടതാണ്.ആയതിനാൽ ക്രമവിരുദ്ധമായി അനുവദിച്ച 14192 രൂപ ഉത്തരവാദികളിൽ നിന ഈടാക്കി അറിയിക്കേണ്ടതാണ്.

വിശദവിവരങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

1-11 എസ്.സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമാണം പ്രൊജക്ട്-മുഴുവൻ വിദ്യാർത്ഥികളുടെയും പഠനമുറിയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി പട്ടികജാതി വിദ്യാർത്ഥികൾക്ക പഠനമുറി നൽകൽ എന്ന പദ്ധതിയിൽ ₹ 1181992.00 ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു

പ്രോജക്ട് നം/ പേര്	S-0056/2022-23 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന മുറി
അടങ്കൽ	₹ 1200000.00 (വികസനം എസ്.സി.പി)
ചെലവ്	₹50000.00 (ബിൽ റഫറൻസ് നം-22180463002600791170 / 18/11/2022) ₹50000.00 (ബിൽ റഫറൻസ് നം-22180463002600803240 / 22/11/2022) ₹50000.00 (ബിൽ റഫറൻസ് നം-22180463002600803252 / 22/11/2022) ₹100000.00 (ബിൽ റഫറൻസ് നം-22180463002600837411 / 29/11/2022) ₹50000.00 (ബിൽ റഫറൻസ് നം-22180463002600897489 / 13/12/2022) ₹75000.00 (ബിൽ റഫറൻസ് നം-22180463002600919721 / 16/12/2022) ₹261600.00 (ബിൽ റഫറൻസ് നം-22180463002600964712 / 28/12/2022) ₹61750.00 (ബിൽ റഫറൻസ് നം-22180463002600987582 / 03/01/2023) ₹75000.00 (ബിൽ റഫറൻസ് നം-22180463002601357435 / 15/03/2023) ₹75000.00 (ബിൽ റഫറൻസ് നം-22180463002601382711 / 17/03/2023)

	₹30000.00 (ബിൽ റഫറൻസ് നം-22180463002601441597 / 23/03/2023) ₹65392.00 (ബിൽ റഫറൻസ് നം-22180463002601456793 / 24/03/2023) ₹150000.00 (ബിൽ റഫറൻസ് നം-22180463002601478776 / 25/03/2023) ₹25562.00 (ബിൽ റഫറൻസ് നം-22180463002601500469 / 27/03/2023) ₹62688.00 (ബിൽ റഫറൻസ് നം-22180463002601508021 / 28/03/2023) ആകെ - ₹ 1181992.00

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ (സ.ഉ.(കൈ)നം.115/2022/തസ്വഭവ തീയത 28/05/2022) ഖണ്ഡിക 7.2.13 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കുന്നതിന് 80 ച.അടിയിൽ അധികരിക്കാത്ത വീടിനോട് ചേർന്ന് 120 ച.അടി വരേ വിസ്തീർണമുള്ള പഠനമുറ നിർമിക്കുന്നതിന് 200000 രൂപയിൽ അധികരിക്കാത്ത ധനസഹായം (50000 രൂപ മുൻകൂ ധനസഹായം,75000 വീതം രണ്ട് ഗഡുക്കളായി അസി.എഞ്ചിനീയറുടെ മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ) നൽകാവുന്നതാണ്.

മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് പഠനമുറി നിർമാണത്തിനായി തിരഞ്ഞെടുത്ത് ധനസഹായ നൽകിയ 7 വിദ്യാർത്ഥികളിൽ താഴെ പറയുന്ന രണ്ട് ഗുണഭോക്താക്കളുടെ പഠനമുറി നിർമാണ സാമ്പത്തിക വർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ചിട്ടില്ല.

സി.നം	ഗുണഭോക്താവിന്റെ പേര്	അനുവദിച്ചിട്ടുള്ള തുക	ബില്ല് റഫറൻസ് നമ്പർ	യു.റ്റി.ആർ നമ്പർ

1	പ്രജിത പി.ജെ (രക്ഷിതാവ്-ജയപ്രകാശ്)	50000 (ഒന്നാം ഗഡു)	22180463002600897489 / 13/12/2022	RBI3492293462371
		75000 (രണ്ടാം ഗഡു)	22180463002601357435 / 15/03/2023	RBI0772359358488
	ആകെ	125000		
2	അനയ സനീഷ് (രക്ഷിതാവ്-സനീഷ് കുമാർ)	50000 (ഒന്നാം ഗഡു)	22180463002600964712 / 28/12/2022	RBI3652217700033
		75000 (രണ്ടാം ഗഡു)	22180463002601382711 / 17/03/2023	RBI0802362410685
ആകെ		125000		

മേൽ ഗുണഭോക്താക്കളുടെ പഠനമുറി പൂർത്തീകരിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 15.06.2023 തീയതിയിലെ 2ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ മേൽ ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 2,50000 രൂപ (125000+125000) യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.മേൽ വിദ്യാർത്ഥികളുടെ പഠനമുറിയുടെ നിർമാണം പൂർത്തീകരിച്ചറിയിക്കേണ്ടതാണ്.

1-12 കനിവ് സഞ്ചരിക്കുന്ന ആതുരാലയം-രേഖകൾ ഹാജരാക്കിയില്ല; 4706495 രൂപ തടസ്സപ്പെടുത്തുന്നു.

